
# പാവ്പാവ്: അമേരിക്കയിലെ 'പ്ലാച്ചിമട'

അജിതൻ കെ. ആർ.

**കേരളത്തിലെ പ്ലാച്ചിമടസമരംപോലെ അമേരിക്കയിൽ നടക്കുന്ന മറ്റൊരു പോരാട്ടം. ഇതേ കൊക്കകോളതന്നെ വരുത്തിവെച്ച നാശനഷ്ടങ്ങൾക്ക് വലിയപരിഹാരം ചെയ്യാൻ നിർബന്ധിതമാകുന്നതിന്റെ വിജയകരമായ ഉദാഹരണമാണ്.**




കൊക്കൊക്കോളയെന്ന കുത്തക ഭീമന്റെ കോർപ്പറേറ്റ് ലാഭക്കൊതിയുടെ ഭീകരരൂപം പ്ലാച്ചിമടയിൽ നമ്മൾ കണ്ടുകഴിഞ്ഞതാണ്. വർഷങ്ങൾ നീണ്ട സമരത്തിനൊടുവിൽ കമ്പനിയുടെ ജലദുരുപയോഗത്തിനു തടയിടാൻ മാത്രമേ തത്കാലം നമുക്കു കഴിഞ്ഞിട്ടുള്ളൂ. ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. കോളക്കമ്പനിയിൽ നിന്നുമുള്ള ഖരമാലിന്യം സമ്പുഷ്ട വളമാണെന്ന വ്യാജ പ്രചരണത്തിൽ വിശ്വസിച്ച് അവ വ്യാപകമായി കൃഷിഭൂമിയിൽ ഉപയോഗിച്ചതിന്റെ നഷ്ടം എത്രത്തോളം ഗുരുതരമാണെന്ന് ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെ മലിനമാക്കപ്പെട്ട ഭൂമിയിലെ കിണർവെള്ളം ഉപയോഗത്തിലൂടെ ജനങ്ങളിലുണ്ടായ ആരോഗ്യ ശോഷണത്തിന്റെ ആഘാതം എത്ര ഭീകരമാണെന്നും കണക്കാക്കിയിട്ടില്ല. ഈ കമ്പനി പ്ലാച്ചിമടയിലെ ഭൂമിശാസ്ത്രത്തിലുണ്ടാക്കിയ വിനാശത്തിന്റെ ആകത്തുക വിലയിരുത്താൻ വിശദമായ സാമൂഹ്യ ഓഡിറ്റ് ഇനിയും നടക്കാനിരിക്കുന്നതേയുള്ളൂ. പ്ലാച്ചിമട സമരത്തെക്കുറിച്ച് ചർച്ച ചെയ്യുകയല്ല ഈ കുറിപ്പുകൊണ്ടുദ്ദേശിക്കുന്നത്. പ്ലാച്ചിമട സമരത്തോട് ഏറെ സമാനതകൾ ഉയർത്തിപ്പിടിക്കുന്ന മറ്റൊരു സമരമുഖത്തെ പരിചയപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

വടക്കൻ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റിന്റെ തെക്കുപടിഞ്ഞാറായാണ് ഏകദേശം മൂവായിരത്തഞ്ഞൂറോളം പേർ താമസിക്കുന്ന പാവ്പാവ് നഗരം. 1940 കളിൽ രൂപം കൊണ്ട മിനിറ്റ്സ്മെയ്ഡ്' എന്ന ഓറഞ്ച് ജ്യൂസ് കമ്പനിയ്ക്ക് പാവ്പാവ് നഗരത്തിലെ റെഡ് ആരോ ഹൈവേയിലും ഒരു സംസ്കരണപ്ലാന്റുണ്ട്. 1979ൽ കൊക്കാകോള ഈകമ്പനി ഏറ്റെടുക്കുകയും പ്ലാന്റിലെ ഉൽപ്പാദനം കൂട്ടുകയും ചെയ്തു. നഗരത്തിന്റെ ദുരിതകാലം ആരംഭിയ്ക്കുന്നത് ഇവിടെയാണ്. ജ്യൂസ് കമ്പനി അതിന്റെ പാനീയമാലിന്യങ്ങൾ നിർദ്ദിഷ്ടകുളങ്ങളിൽ സ്വരൂപിച്ച് നേർപ്പിച്ച് അവിടെനിന്നും അടുത്ത സ്ഥലങ്ങളിലേക്ക് സ്പ്രേ ചെയ്തുകളയുകയാണ് പതിവ്. പക്ഷേ ഏറ്റെടുക്കലിനുശേഷം ഉല്പാദനത്തിലെ വർദ്ധനവിനനുസരിച്ച് മാലിന്യങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷി കുളങ്ങൾക്കില്ലാതെ പോയി. അറ്റാദായം കൊഴുപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏറ്റവുമാദ്യം വെട്ടിക്കുറക്കുന്നത് ഉല്പാദനക്ഷമമല്ലാത്ത ചെലവുകളാണല്ലോ. അതുകൊണ്ട് പതിവുപോലെ മാലിന്യജല സംസ്കരണത്തിനോ അതിന്റെ ശരിയായ നിർഗ്ഗമനത്തിനോ കമ്പനി ശ്രദ്ധകൊടുത്തില്ല. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളോളമായി, കോളകമ്പനി പൊതുസ്ഥലത്തേക്ക് ഈ വിഷജലം തുറന്നുവിട്ടുകൊണ്ടേയിരിക്കുകയാണ്. 2000ൽ പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചതിന് മിഷിഗൺ പരിസ്ഥിതി വകുപ്പ് 50000 ഡോളർ കൊക്കാക്കോള കമ്പനിയെക്കൊണ്ട് പിഴയടപ്പിക്കുകയുമുണ്ടായി. മാത്രമല്ല. പ്ലാന്റ് സ്ഥിതിചെയ്യുന്ന സ്ഥലവും അടുത്ത പ്രദേശങ്ങളും മണ്ണും കുടിവെള്ളവും മലിനമാണെന്നും അവർ കണ്ടെത്തി. നഗരാധികാരികൾ സ്ഥലവാസികളോട് കിണർ വെള്ളം ഉപയോഗം നിർത്താനും ബോട്ടിൽഡ് വാട്ടർ

ഉപയോഗിക്കാനും നിർദ്ദേശിച്ചു. സ്വാഭാവികമായും കോളകമ്പനി സഹായഹസ്തവുമായി രംഗത്തെത്തി. കഴിഞ്ഞ കുറേ വർഷങ്ങളായി ഇരുപതിലധികം ടൗൺഷിപ്പുകളിൽ കോളക്കമ്പനി ദേശവാസികൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

പുറന്തള്ളപ്പെടുന്ന മിലനജലം മണ്ണിലെ ഓക്സിജനെ നിർവീര്യമാക്കാനും ലെഡ്, മാംഗനീസ്, ഇരുമ്പ് എന്നീ ലോഹങ്ങൾ സ്വരൂപിക്കാനും കാരണമാകുന്നുവെന്ന് അധികൃതർ കണ്ടെത്തി. ഇത് കിണർവെള്ളത്തെ വിഷമയമാക്കുന്നു. ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് ഇത് കാരണമായേക്കാം. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സ്ഥലത്തെ വീട്ടുമൃഗങ്ങൾക്കുണ്ടായ വിവിധതരം രോഗാവസ്ഥകൾ. ജനങ്ങൾ കുപ്പിവെള്ളത്തിലേക്കു മാറിയെങ്കിലും പട്ടി, പൂച്ച, പക്ഷികൾ തുടങ്ങിയ ഓമനമൃഗങ്ങൾക്ക് സാധാരണ പൈപ്പുവെള്ളം തന്നെയാണ് ജനങ്ങൾ കൊടുത്തു കൊണ്ടിരുന്നത്. കാലക്രമേണ നിരവധി മൃഗങ്ങൾ ട്യൂമർ ബാധമൂലം ചത്തൊടുങ്ങി. ഏഴുമില്യൺ ഡോളർ ചെലവിൽ 2001ൽ പണിത മിലനജല സംസ്കരണപ്ലാന്റ് പ്രായോഗികമല്ലാതായി എന്ന് ഇത് തെളിയിക്കുന്നു.

മലിനീകരണം മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾക്കു പുറമേ ഭൂമിയുടെ ആസ്തിവിലയിൽ പത്തുശതമാനത്തോളം ശോഷണമുണ്ടാക്കിയിട്ടുണ്ടെന്ന നഗരാധികാരികളുടെ അറിയിപ്പ് ജനങ്ങൾക്ക് താങ്ങാവുന്നതിലുമേറെയായിരുന്നു. വർഷങ്ങളായി താമസത്തിലൂടെ അഭിവൃദ്ധിപ്പെടുത്തിയ സ്ഥലങ്ങൾ, ഒരു കമ്പനിയുടെ പെരുമാറ്റദൂഷ്യം മൂലം വിലയിടിഞ്ഞതിനെതിരേ സംഘടിക്കാൻ അവർ തീരുമാനിച്ചു. മലിനീകരണം നിർത്താനും സംഭവിച്ച നഷ്ടങ്ങൾക്കുള്ള പരിഹാരത്തിനുമായി കോടതിയെ സമീപിയ്ക്കകയല്ലാതെ മറ്റുവഴികളില്ലെന്നവർക്കു മനസ്സിലായി. പീസ് ആന്റ് ലക്സംബർഗ് എന്ന നിയമസ്ഥാപനവും എറിൻ ബ്രോക്കോവില്ല എന്ന പരിസ്ഥിതി നിയമജ്ഞയും ദുരിതബാധിതർക്കുവേണ്ട നിയമസഹായവുമായി രംഗത്തെത്തിക്കഴിഞ്ഞു. രണ്ടുപേരും ഇതിനോടകം തന്നെ പല പരിസ്ഥിതി മലിനീകരണക്കേസുകളിലും ഇടപെട്ട് കാര്യക്ഷമതയോടെ കൈകാര്യം ചെയ്ത് വിജയിച്ചിട്ടുള്ളവരാണ്. മുഴുവൻ നഷ്ടപരിഹാരവും കൊടുത്തുതീർക്കാനും ഇപ്പോഴത്തെ മലിനീകരണസ്ഥിതി അവസാനിപ്പിക്കാനും കോളക്കമ്പനിക്ക് അതിന്റെ അഞ്ചുമിനിട്ടു നേരത്തെ വില്പനമാത്രം മതിയാകുമെന്നാണ് അവരുടെ ഭാഷ്യം. ദുരിതബാധിതർ ഒരുപാടുള്ളതുകൊണ്ട് വ്യക്തിപരമായി കേസുകൾ ഫയൽ ചെയ്യുന്നതിനുപകരം 'ക്ലാസ് ഏക്ഷൻ' രീതിയിൽ മുന്നോട്ടു പോകാനാണ് പരിപാടി. ഇക്കഴിഞ്ഞ ആഗസ്റ്റ് 25-ാം തിയ്യതി, പാവ് പാവ് ഹൈസ്കൂൾ അങ്കണത്തിൽ ചേർന്ന തല്പരകക്ഷികളുടെ യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്.

സംഗതികൾ ഇത്രയുമായിട്ടും കമ്പനിയുടെ ഭാഗത്തുനിന്നും ക്രിയാത്മകമായൊരു ചുവടുവയ്പ് ഉണ്ടായിട്ടില്ലെന്ന് ശ്രദ്ധിയ്ക്കേണ്ടതാണ്. മലിനീകരണം ഉണ്ടായിട്ടുണ്ടെന്നുള്ളത് ഒരു യഥാർത്ഥമാണെങ്കിലും അത് എത്രത്തോളം ഗുരുതരമാണെന്ന വസ്തുത ഒരിക്കലും പുറത്തുവരുമെന്നു തോന്നുന്നില്ല.

ഇവിടെയാണ് EDTA (Ethylenediamin etetracetic acid) എന്ന വില്ലൻ കടന്നുവരുന്നത്. പ്രകൃതിയുടെ പല കോണുകളിൽ നിന്നും സ്വരൂപിക്കുന്ന അസംസ്കൃത വസ്തുക്കളെ നിർമ്മാണത്തിനുമുമ്പ് ശുദ്ധീകരിയ്ക്കാനായി EDTA എന്ന ഭക്ഷ്യപദാർത്ഥത്തെ കോളക്കമ്പനി ഉപയോഗിക്കുന്നുണ്ട്. കമ്പനിയിൽനിന്നും പുറത്തുവന്ന മിലനജലത്തിലൂടെ ഈ പദാർത്ഥം, കുടിവെള്ളത്തിലും മണ്ണിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ ലോഹത്തിന്റെയോ, വിഷത്തിന്റെയോ സാന്നിദ്ധ്യം ഒരു പരീക്ഷണത്തിലും വെളിച്ചത്താവുകയില്ല. കാരണം, EDTAയുടെ രാസധർമ്മം തന്നെ, ഉല്പന്നങ്ങളിലെ അശുദ്ധിയും അരുചികളും വൃത്തികേടുകളും മറച്ചുവക്കുക എന്നതാണ്.

ഇനി പറയൂ സുഹൃത്തെ, ഈ കോർപ്പറേറ്റ് രാക്ഷസന്റെ അപ്രമാദിത്തത്തെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. പ്ലാച്ചിമടയിലും പാവ്പാവിലുമുണ്ടായ മലിനീകരണ പ്രശ്നങ്ങളിലെ സാക്ഷ്യങ്ങളും സമീപനങ്ങളിലെ വ്യത്യാസങ്ങളും എന്തൊക്കെയാണ്? നമ്മുടെ സർക്കാർ അധികാരികളും രാഷ്ട്രീയപാർട്ടികളും സ്വീകരിച്ച നിലപാട് വിമർശനാതീതവും കാര്യക്ഷമവുമായിരുന്നോ?

ലോകം മുഴുവൻ ഇതുപോലുള്ള കോർപ്പറേറ്റ് ലാഭക്കൊതിയ്ക്കെതിരെയുള്ള സമരസംരംഭങ്ങളുണ്ട്. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പാടെ അവഗണിച്ചുകൊണ്ട് നെറ്റ് പ്രോഫിറ്റ് കൂട്ടാനുള്ള ബന്ധപ്പാടിൽ, കമ്പനികൾ രാജ്യത്തിന്റെ സമതുലനത്തെത്തന്നെയാണ് ഇല്ലാതാക്കുന്നത്. പ്ലാച്ചിമടയിലായാലും പാവ്പാവിലായാലും മനുഷ്യന്റെ നിറം കറുപ്പായാലും വെളുപ്പായാലും പ്രശ്നം കുടിവെള്ളം തന്നെ. അതിന്റെ കാരണമോ, അതേ മനുഷ്യന്റെ ലാഭക്കൊതിയും.


കേരളീയം

പുസ്തകശാല

പുസ്തകങ്ങൾ

1. ഇല്ലംനിറ (കഥകൾ) കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും
ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം
കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം എഡിറ്റർ : ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാഠങ്ങൾ
എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം
എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 04872421385
robinkeraleeyam@gmail.com